ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 02.01.2026 TIME : 07.25 AM

## പ്രധാന വാർത്തകൾ

1) രണ്ടു ദിവസത്തെ സന്ദർശനത്തിനായി ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ ഇന്ന് തമിഴ്നാട്ടിലെത്തും; എം.ജി.ആർ വിദ്യാഭ്യാസ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിൻറെ ബിരുദദാന ചടങ്ങിൽ പങ്കെടുക്കും.

   **Vice President C P Radhakrishnan will be on a two-day visit to Tamil Nadu beginning today. He will attend the convocation ceremony of Dr MGR Educational and Research Institute University in Chennai.**

2) രാജ്യത്തെ ആദ്യ ബുള്ളറ്റ് ട്രെയിൻ സർവ്വീസ് 2027-ൽ ആരംഭിക്കുമെന്ന് റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്; പദ്ധതിയുടെ ആദ്യ ഘട്ടം സൂറത്തിൽ.

   **India's first Bullet Train to run on 15th of August next year, says Union Minister Ashwini Vaishnaw.**

3) ഗാർഹിക ഉപഭോക്താക്കൾക്കുള്ള എൽപിജി സിലിണ്ടറുകളുടെ വിലയിൽ മാറ്റം വരുത്തിയിട്ടില്ലെന്ന് കേന്ദ്ര സർക്കാർ.

   **Ministry of Petroleum and Natural Gas has clarified that there has been no change in domestic LPG prices for household consumers.**

4) ഫെബ്രുവരി ഒന്നു മുതൽ പുതിയ ഫാസ്ടാഗ് ഉപയോഗിക്കുന്ന കാറുകൾക്ക്, **KYV** - കാർഡുകൾ നിർത്തലാക്കി ദേശീയ പാത അതോറിട്ടി.

**National Highways Authority of India (NHAI) has announced discontinuation of the Know Your Vehicle (KYV) cards for cars for all new FASTag issuances with effect from 1st of the next month.**

5) പതിമൂന്നാമത് ദേശീയ സരസ് മേളയ്ക്ക് ഇന്ന് പാലക്കാട്ട് തുടക്കം.

**The 13th National Saras Fair begins today in Palakkad, Kerala.**

6) ഡൽഹി, പഞ്ചാബ്, ഹരിയാന, ചണ്ഡീഗഢ്, ഒഡീഷ, രാജസ്ഥാൻ എന്നിവിടങ്ങളിൽ കനത്ത മൂടൽമഞ്ഞിനെ തുടർന്ന് ഓറഞ്ച് ജാഗ്രത.

**Met Department issues orange alert for dense fog in Delhi, Punjab, Haryana, Chandigarh, Odisha and Rajasthan today.**

**************

## VP – TN VISIT

രണ്ടുദിവസത്തെ സന്ദർശനത്തിനായി ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ ഇന്ന് തമിഴ്നാട്ടിലെത്തും. ചെന്നൈ ഡോ. എം.ജി.ആർ വിദ്യാഭ്യാസ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിൽ 34-ാമത് ബിരുദദാന ചടങ്ങിലും, രാംനാഥ് ഗോയങ്ക സാഹിത്യ സമ്മാൻ ചടങ്ങിലും ഉപരാഷ്ട്രപതി ഇന്ന് പങ്കെടുക്കും. ലോക് ഭവനിൽ ഉപരാഷ്ട്രപതിയ്ക്ക് പൗര സ്വീകരണം നൽകും. നാളെ അദ്ദേഹം വെല്ലൂരിൽ ഒരു ചടങ്ങിൽ പങ്കെടുക്കുകയും തുടർന്ന് ചെന്നൈയിൽ 9-ാമത് സിദ്ധ ദിനാഘോഷത്തെ അഭിസംബോധന ചെയ്യും.

**************

## ASHWINI VAISHNAW ( INTRO )

2027 ലെ സ്വാതന്ത്ര്യ ദിനത്തിൽ ഇന്ത്യയുടെ ആദ്യത്തെ ബുള്ളറ്റ് ട്രെയിൻ പുറത്തിറക്കുമെന്ന് കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്. അഹമ്മദാബാദിനും മുംബൈയ്ക്കും ഇടയിലുള്ള ബുള്ളറ്റ് ട്രെയിൻ പദ്ധതിയുടെ പ്രവർത്തനം പുരോഗമിക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു.
(വോയിസ്....)

സൂറത്തിൽ നിന്ന് ബിലിമോറ വരെയും വാപ്പിയിൽ നിന്ന് സൂറത്ത് വരെയുമായിരിക്കും ബുള്ളറ്റ് ട്രെയിൻ പദ്ധതിയുടെ ആദ്യ ഘട്ടം.

**************

## GOVT LPG

ഗാർഹിക ഉപഭോക്താക്കൾക്കുള്ള എൽപിജി സിലിണ്ടറുകളുടെ വിലയിൽ മാറ്റമൊന്നും വരുത്തിയിട്ടില്ലെന്ന് പെട്രോളിയം, പ്രകൃതിവാതക മന്ത്രാലയം വ്യക്തമാക്കി. വാണിജ്യ എൽപിജി സിലിണ്ടറുകളുടെ വില 111 രൂപ വർദ്ധിപ്പിച്ചതായി മാധ്യമങ്ങളിൽ വന്ന റിപ്പോർട്ടുകളെ തുടർന്നാണ് വിശദീകരണം. വാണിജ്യ എൽപിജി സിലിണ്ടറുകളുടെ വില നിർണ്ണയം അന്താരാഷ്ട്ര മാനദണ്ഡങ്ങളുമായി ബന്ധപ്പെട്ടാണെന്നും മന്ത്രാലയം പറഞ്ഞു. പാചക വാതക ഉപയോഗം ഉറപ്പാക്കുന്നതിന് സർക്കാർ നൽകുന്ന പിന്തുണയുടെ ഭാഗമായാണ് വില വർദ്ധനവ് നിയന്ത്രിക്കുന്നതെന്നും പെട്രോളിയം, പ്രകൃതി വാതക മന്ത്രാലയം അറിയിച്ചു

**************

## NHAI- KYV CARDS (INTRO)

പൊതുജനങ്ങൾക്ക് ആശ്വാസമായി ദേശീയ പാത അതോറിട്ടിയുടെ പ്രഖ്യാപനം. ഫെബ്രുവരി ഒന്നു മുതൽ ഇറക്കുന്ന പുതിയ ഫാസ്ടാഗ് ഉപയോഗിക്കുന്ന കാറുകൾക്ക്, നോ യുവർ വെഹിക്കിൾ - കാർഡുകൾ നിർത്തലാക്കുമെന്ന് ദേശീയ പാത അതോറിട്ടി. പൊതുജനങ്ങളുടെ സൗകര്യം വർധിപ്പിക്കുന്നതിനും ഉപയോക്താക്കൾ നേരിടുന്ന അനാവശ്യ ബുദ്ധിമുട്ടുകൾ പൂർണ്ണമായി ഒഴിവാക്കുന്നതിനുമായാണ് നടപടി.
വിശദാംശങ്ങളിലേക്ക്....

( **വോയിസ്....**)

കാറുകൾക്കായി ഇതിനോടകം വിതരണം ചെയ്തിട്ടുള്ള ഫാസ്ടാഗുകളുടെ കാര്യത്തിൽ, പതിവ് നടപടിക്രമമെന്ന നിലയിലുള്ള കെവൈവി ഇനി നിർബന്ധമായിരിക്കില്ല. ലൂസ് ഫാസ്ടാഗ്, തെറ്റായ ഇഷ്യൂ, ദുരുപയോഗം തുടങ്ങിയവയിൽ പരാതികൾ ലഭിക്കുന്ന സാഹചര്യങ്ങളിൽ മാത്രമേ ഇനി മുതൽ കെവൈവി ആവശ്യമായി വരൂ. യാതൊരു പരാതിയും ഇല്ലാത്ത പക്ഷം, നിലവിലുള്ള കാർ ഫാസ്ടാഗുകൾക്ക് കെവൈവി ആവശ്യമില്ലെന്നും ദേശീയ പാത അതോറിട്ടി അറിയിച്ചു. ഫാസ്ടാഗ് ഇഷ്യൂ ചെയ്യുന്ന ബാങ്കുകൾക്ക് ബാധകമായ പ്രീ-ആക്ടിവേഷൻ സാധൂകരണ മാനദണ്ഡങ്ങളും ശക്തമാക്കി. ഫാസ്ടാഗ് സജീവമാക്കിയതിന് ശേഷം സാധൂകരണം നടത്തണമെന്ന മുൻ വ്യവസ്ഥ പൂർണമായും ഒഴിവാക്കിയിട്ടുണ്ട്. ഇത്തരം നടപടികളിലൂടെ എല്ലാ വാഹന

പരിശോധനകളും ഫാസ്ടാഗ് ആക്ടിവേഷന് മുമ്പ് തന്നെ പൂർത്തിയാകുമെന്ന് ഉറപ്പാക്കുന്നു.
**ന്യൂസ്ഡെസ്ക് ആകാശവാണി....**

**************

## Labour Codes

രാജ്യത്ത് പ്രാബല്യത്തിൽ വന്ന നാല് പുതിയ ലേബർ കോഡുകളുമായി ബന്ധപ്പെട്ട കരട് ചട്ടങ്ങൾ കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്തു. ഇത് സംബന്ധിച്ച എതിർപ്പുകളും അഭിപ്രായങ്ങളും പങ്കുവയ്ക്കാൻ 45 ദിവസത്തെ സമയം അനുവദിച്ചിട്ടുണ്ട്. രാജ്യത്ത് നിലനിന്നിരുന്ന ദശാബ്ദങ്ങൾ പഴക്കമുള്ള തൊഴിൽ നിയമങ്ങൾക്ക് പകരമാണ് 2025 നവംബർ 21 മുതൽ പുതിയ ലേബർ കോഡ് നിലവിൽ വന്നത്.

**************

## PM RELICS

പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ന്യൂഡൽഹിയിലെ റായ് പിത്തോറ സാംസ്കാരിക സമുച്ചയത്തിൽ, ബുദ്ധനുമായി ബന്ധപ്പെട്ട പിപ്രാഹ്വ തിരുശേഷിപ്പുകളുടെ അന്താരാഷ്ട്ര പ്രദർശനം ഉദ്ഘാടനം ചെയ്യും. ന്യൂഡൽഹിയിലെ നാഷണൽ മ്യൂസിയത്തിന്റെയും കൊൽക്കത്തയിലെ ഇന്ത്യൻ മ്യൂസിയത്തിന്റെയും ശേഖരങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന പിപ്രാഹ്വയിൽ നിന്നുള്ള ചരിത്ര അവശിഷ്ടങ്ങളും പുരാ വസ്തുക്കളും ആദ്യമായാണ് പ്രദർശിപ്പിക്കുന്നത്.

**************

## India-Australia

ഇന്ത്യ-ഓസ്ട്രേലിയ സാമ്പത്തിക സഹകരണ, വ്യാപാര കരാർ പ്രാബല്യത്തിൽ വന്നതിനെ തുടർന്ന് ഇന്ത്യയിൽ നിന്നും ഇറക്കുമതി ചെയ്യുന്ന ഉൽപ്പന്നങ്ങൾക്ക് ഓസ്ട്രേലിയൻ വിപണിയിൽ ഇറക്കുമതി ചുങ്കം ഒഴിവാക്കി. രത്നങ്ങൾ, ആഭരണങ്ങൾ, തുണിത്തരങ്ങൾ, തുകൽ, പാദരക്ഷകൾ, ഫർണിച്ചർ, ഭക്ഷ്യ ഉൽപ്പന്നങ്ങൾ, എഞ്ചിനീയറിംഗ് ഉൽപ്പന്നങ്ങൾ, മെഡിക്കൽ ഉപകരണങ്ങൾ, വാഹനങ്ങൾ തുടങ്ങിയവക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. ഓസ്ട്രേലിയയിൽ നിന്നുള്ള 70 ശതമാനത്തിലധികം താരിഫു കൾക്കും ഇന്ത്യ മുൻഗണന നൽകും.

**************

## YEAR ENDER – TECHNOLOGY

ഇന്ത്യയുടെ വികസന യാത്രയിൽ 2025 ഒരു നിർണായക അധ്യായമായി നിലകൊള്ളുകയാണ്. നയങ്ങൾ പുരോഗതിയിലേക്കും ലക്ഷ്യങ്ങൾ ഫലപ്രാപ്തിയിലേക്കും പരിവർത്തനം ചെയ്യപ്പെട്ട വർഷമായിരുന്നു കടന്നു പോയത്. 2025-ൽ, രാജ്യം ശാസ്ത്ര-സാങ്കേതിക മേഖലയുമായി ബന്ധപ്പെട്ട് ഒരു നിർണായക മാറ്റം അടയാളപ്പെടുത്തി. സാങ്കേതികവിദ്യ സ്വീകരിക്കുക എന്നതിൽ നിന്ന് സാങ്കേതികവിദ്യ സൃഷ്ടിക്കുക എന്നതിലേക്കുള്ള മാറ്റം രാജ്യം പ്രകടമാക്കി. ഇന്ത്യ AI മിഷന്റെ കീഴിൽ, ധാർമ്മികവും മനുഷ്യ കേന്ദ്രീകൃതവുമായ AI സംവിധാനങ്ങൾ സൃഷ്ടിക്കുന്നതിന് കേന്ദ്ര സർക്കാർ പതിനായിരം കോടിയിലധികം രൂപ പ്രഖ്യാപിച്ചു.

**************

## JP Nadda

വളം സബ്സിഡി ഉൾപ്പെടെയുള്ളവയുടെ വിതരണം സുഗമമാക്കുന്നത് ലക്ഷ്യമിട്ട് രൂപീകരിച്ച ഇ-ബിൽ സംവിധാനം കേന്ദ്ര രാസവസ്തു-വളം മന്ത്രി ജെ പി നഡ്ഡ ഉദ്ഘാടനം ചെയ്തു. ഏകദേശം 2 ലക്ഷം കോടി രൂപയുടെ വളം സബ്സിഡികളുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ എളുപ്പത്തിലാക്കാൻ ഇതിലൂടെ സാധിക്കും. പുതുതായി ആരംഭിച്ച ഈ സംവിധാനം പൂർണ്ണമായും ഡിജിറ്റൽ സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായാണ് പ്രവർത്തിക്കുന്നത്.

**************

## ANNOUNCEMENT

കേന്ദ്ര സർക്കാരിൻറെ വിവിധ പദ്ധതികളെകുറിച്ച് ആകാശവാണി പ്രാദേശിക വാർത്താ വിഭാഗം തയ്യാറാക്കുന്ന പ്രത്യേക ചർച്ചകൾ തിങ്കളാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ പ്രക്ഷേപണം ചെയ്യുന്നു. സർക്കാർ പദ്ധതികളെ കുറിച്ചുള്ള വിശദമായ വിവരങ്ങൾ ജനങ്ങളിലെത്തിക്കുകയാണ് ലക്ഷ്യം. ഇന്ന് രാത്രി 11 മണിക്ക് കാർഷികരംഗത്തിന്റെ ശാക്തീകരണം സംബന്ധിച്ച് ICAR കൃഷി വിജ്ഞാന കേന്ദ്ര മിത്ര നികേതൻ സബ്ജക്റ്റ് മാറ്റർ സ്പെഷ്യലിസ്റ്റ് ജി ചിത്ര സംസാരിക്കുന്നു.

**************

## SARAS MELA

പതിമൂന്നാമത് ദേശീയ സരസ് മേളയ്ക്ക് ഇന്ന് പാലക്കാട് തുടക്കമാകും. കുടുംബശ്രീ മിഷനും, കേന്ദ്ര ഗ്രാമവികസന മന്ത്രാലയവും സംയുക്തമായി സംഘടിപ്പിക്കുന്ന മേള മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. ചാലിശ്ശേരിയിൽ ഈ മാസം 11 വരെയാണ് മേള. വിവിധ സംസ്ഥാനങ്ങളിൽ നിന്നുമായി 250-ലേറെ സ്റ്റാളുകൾ മേളയിൽ അണിനിരക്കും.

**************

## ASSEMBLY ELECTION

കേരളത്തിൽ 2026-ലെ നിയമസഭാ പൊതുതിരഞ്ഞെടുപ്പിൽ ഉപയോഗിക്കുന്ന ഇവിഎം, വിവിപാറ്റ് എന്നിവയുടെ പ്രാഥമിക തല പരിശോധന നാളെ മുതൽ ആരംഭിക്കും. തിരുവനന്തപുരം കളക്ടറേറ്റിലാണ് നടപടിക്രമങ്ങൾ നടക്കുന്നത്. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻറെ നിർദ്ദേശങ്ങൾക്കനുസൃതമായി പരിശോധനയ്ക്കുള്ള എല്ലാ ക്രമീകരണങ്ങളും പൂർത്തിയായി. ഫെബ്രുവരി 16 വരെയാണ് പരിശോധന.

**************

## SHIVRAJ-MAHARASHTRA (INTRO)

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ കൂടുതൽ ശാക്തീകരിക്കുന്നതിനും സുതാര്യമാക്കുന്നതിനും വികസിത് ഭാരത് - ജി റാം ജി നിയമം സഹായിക്കുമെന്ന് കേന്ദ്രമന്ത്രി ശിവ് രാജ് സിങ് ചൗഹാൻ. മഹാരാഷ്ട്രയിലെ അഹമദ്നഗർ ജില്ലയിൽ സംഘടിപ്പിച്ച പ്രത്യേക ഗ്രാമസഭയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഒരാഴ്ചയ്ക്കകം വേതനം നൽകുമെന്നും 15 ദിവസത്തിൽ കൂടുതൽ കാലതാമസം വരുത്തിയാൽ 0.05 ശതമാനം പലിശയോടു കൂടി വിതരണം ചെയ്യുമെന്നും കേന്ദ്രമന്ത്രി അറിയിച്ചു.

(വോയിസ്)

**************

## IMD orange alert

കനത്ത മൂടൽമഞ്ഞിനെ തുടർന്ന് ഡൽഹി, പഞ്ചാബ്, ഹരിയാന, ചണ്ഡീഗഡ്, ഒഡീഷ, രാജസ്ഥാൻ എന്നിവിടങ്ങളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. ജമ്മു-കശ്മീർ, ലഡാക്ക്, ഹിമാചൽ

പ്രദേശ്, ഉത്തരാഖണ്ഡ് എന്നിവിടങ്ങളിലും മഞ്ഞുവീഴ്ച ഉണ്ടാകുമെന്നാണ് മുന്നറിയിപ്പ്. അതേസമയം, ഡൽഹി-എൻസിആറിലെ വായു ഗുണനിലവാരം വളരെ മോശം വിഭാഗത്തിൽ തുടരുകയാണ്. ശരാശരി വായു ഗുണനിലവാര സൂചിക - AQI 379 ആയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

**************

## MANNAM JAYANTHI

സാമൂഹിക പരിഷ്കർത്താവ് മന്നത്ത് പത്മനാഭൻറെ 149-ാം ജയന്തി ഇന്ന്. പെരുന്നയിലെ എൻ എസ് എസ് ആസ്ഥാനത്ത് ജയന്തി ആഘോഷങ്ങൾ നടക്കും. വിദ്യാഭ്യാസ സമുച്ചയ മൈതാനിയിൽ ഒരുക്കിയ മന്നം നഗറിലാണ് ഇന്നും നാളെയുമായി ആഘോഷ ചടങ്ങുകൾ നടക്കുന്നത്.

**************

## NHRC

മധ്യപ്രദേശിൽ കുടിവെള്ളത്തിൽ മലിനജലം കലർന്നതിനെ തുടർന്ന് ഏഴ് പേർ മരിച്ച സംഭവത്തിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ ചീഫ് സെക്രട്ടറിക്ക് നോട്ടീസയച്ചു. 40-ഓളം പേരാണ് അസുഖ ബാധിതരായത്. സംഭവത്തിൽ രണ്ടാഴ്ചയ്ക്കുള്ളിൽ വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ സ്വമേധയാ എടുത്ത കേസിൽ കമ്മീഷൻ ഉത്തരവിട്ടു.

**************

********

***